## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2261** **21-06-2024 - ൽ മറുപടിയ്ക്ക്**

## കെ-സ്റ്റോർ സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കെ-സ്റ്റോർ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കട നം. 114-ൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കെ-സ്റ്റോർ ആയി പ്രവർത്തിച്ചു വരുന്ന 114-ാം നമ്പർ റേഷൻ കടയിൽ ശബരി ഉത്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള (MSME) ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5kg) എന്നിവ വിപണനം ചെയ്ത് വരുന്നു. |
| (ബി) | കെ-സ്റ്റോർ പദ്ധതി പൂർണ്ണമായും നടപ്പിലാവുന്നതോടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാവുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | നിലവിൽ കെ-സ്റ്റോർ വഴി മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5kg), സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. ഇവയ്ക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും കെ-സ്റ്റോറുകൾ വഴി വിപണനം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ